# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 12, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി

## ബലരാമൻ കമ്മിറ്റി ശുപാർശകൾ

*61 ശ്രീ. എം. എ. ബേബി
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലരാമൻ കമ്മിറ്റി ശുപാർശകൾ എന്തൊക്കെയായിരുന്നെന്നും അവയിൽ ഏതൊക്കെ അംഗീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) നേഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി നിർദ്ദേശിച്ച വേതന ഘടനയും സർക്കാർ നടപ്പിലാക്കാൻ തിരുമാനിച്ച വേതന ഘടനയും വ്യക്തമാക്കുമോ;

(ഡി) വ്യവസായബന്ധ സമിതിയുടെ ഘടനയും അതിന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം</u>

*62 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, രാജു എബ്രഹാം
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിന് സിയാൽ മോഡൽ കമ്പനി രൂപീകരിക്കുക വഴി സർക്കാർ കേരളത്തിന്റെ ജലവിതരണ മേഖലയാകെ സ്വകാര്യവൽക്കരിക്കുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ക്കുന്ന കുടിവെള്ളത്തിന്റെ വില നിശ്ചയിക്കാനും ജലസ്രോതസ്സുകൾ സ്വന്തമാക്കാനും കമ്പനിക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വില നിശ്ചയിക്കുന്നതും സ്രോതസ്സുകളുടെ ഉടമസ്ഥാവകാശവും ഏതു രീതിയിൽ ആയിരിക്കുമെന്ന് അറിയിക്കുമോ;

(സി) കമ്പനിയുടെ ഭരണസമിതി രൂപീകരണവുമായി ബന്ധപ്പെട്ട ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) 51% സ്വകാര്യ ഓഹരി ഉടമകളുള്ള കമ്പനിയുടെ നയപരമായ തീരുമാനത്തിൽ സർക്കാരിനുള്ള അധികാരം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ.എ.എസ്.എച്ച്) പദ്ധതി</u>

*63 ശ്രീ.അൻവർ സാദത്ത്
,, എ.റ്റി.ജോർജ്
,, കെ.മുരളീധരൻ
,, കെ.ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കേരള അക്രെഡിറ്റേഷൻ സ്റ്റാൻ ഡേർഡ് ഫോർ ഹോസ്പിറ്റൽസ് (കെ.എ.എസ്.എച്ച്) പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിൽസ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന് വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പമ്പാനദീതട അതോറിറ്റിയുടെ പ്രവർത്തനം</u>

*64 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീതട സംരക്ഷണം ലക്ഷ്യമിട്ട് രൂപീകരിച്ച പമ്പാനദീതട അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ രൂപീകരണത്തിനു ശേഷം പമ്പാനദിയുടെ ഉറവിടം, അതിന്റെ ജലാശയങ്ങൾ എന്നിവ മാലിന്യമുക്തമാക്കുന്നതിനും, വീണ്ടും മലിനമാക്കപ്പെടാതിരിക്കാനും എന്തൊക്കെ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കി എന്നതിന്റെ വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തെ മറ്റു നദീതടങ്ങളുടെ കാര്യത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആർ.എസ്.ബി.വൈ. വഴി അപകട ഇൻഷ്വറൻസ്</u>

*65 ശ്രീ. കെ. അച്ചുതൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എസ്.ബി.വൈ. പദ്ധതി വഴി എല്ലാ കുടുംബങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ പദ്ധതികൾ</u>

*66 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല കൂടുതൽ ആകർഷകമാക്കാൻ ആവിഷ്കരിച്ച കർമ്മ പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയുടെ വികസനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നിക്ഷേപ പ്രോത്സാഹനവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>എല്ലാ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി</u>

*67 ശ്രീ. സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇതിനായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തരത്തിലുള്ള എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുള്ള ഭൂമി ഏതു വിധത്തിൽ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; എന്ന് ലക്ഷ്യം നേടാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>

*68 ശ്രീ. ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുപ്പികളിലും ടാങ്കറുകളിലുമായി വില്പന നടത്തുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകള്‍ പരിശോധിച്ചതില്‍ കണ്ടെത്തിയ കാര്യങ്ങള്‍ എന്തൊക്കെയായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനം സാമ്പിളുകള്‍ നിര്‍ദ്ദിഷ്ട മാനദണ്ഡപ്രകാരം നിലവാരമില്ലാത്തവയായിരുന്നു; ഇതില്‍ ഉള്‍പ്പെട്ടിരിക്കുന്ന കമ്പനികള്‍ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോര്‍ട്ടുകളുടെ അടിസ്ഥാനത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(ഡി) മാനദണ്ഡം പാലിക്കാത്ത കുടിവെള്ള വിതരണക്കാരുടെ വിവരം മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാന്‍ സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സീ പ്ലെയിൻ സർവ്വീസ്</u>

*69 ശ്രീ. പി. എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് സീ പ്ലെയിൻ സർവ്വീസ് വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ, വിശദമാക്കുക?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>രക്തം സ്വീകരിക്കുന്നത് വഴിയുണ്ടാകുന്ന അണുബാധ തടയാൻ നടപടികൾ</u>

*70 ശ്രീ. സി.കെ.സദാശിവൻ
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രിയിൽ നിന്നും രക്തം സ്വീകരിച്ച കുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിന്റെ പശ്ചാത്തലത്തിൽ സർക്കാരാശുപത്രികളിലെ രക്തബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(സി) അവശ്യം വേണ്ട ഉപകരണങ്ങളുടെ അഭാവവും സാങ്കേതിക വിദഗ്ദ്ധരുടെ കുറവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികൾ</u>

*71 ശ്രീ. സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം

*72 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ആർ. രാജേഷ്
ഡോ. കെ.ടി. ജലീൽ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾ സ്വന്തം നിലയിൽ പ്രവേശനപരിക്ഷ നടത്തി വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ തീരുമാനിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നീക്കത്തിനെതിരെ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ; സ്വന്തം നിലയിൽ പ്രവേശനപ്പരീക്ഷ നടത്താൻ മാനേജ്മെന്റുകൾക്ക് അനുകൂലമായി നിയമവകുപ്പിൽ നിന്നും നിയമോപദേശം ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾക്കും കേന്ദ്ര സർക്കാർ നയത്തിനെതിരായും നടത്തുന്ന ഇത്തരം നടപടികൾ തടയാൻ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) പ്രസ്തുത മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ളക്ഷാമം</u>

*73

ശ്രീ. എളമരം കരീം
,, സി. കൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതിയും ഫണ്ടും കടലാസിൽ മാത്രമുണ്ടായതുകൊണ്ട് പൊതുജനത്തിന്റെ ദാഹം മാറില്ലെന്ന് ഹൈക്കോടതി പരാമർശിക്കാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) മെട്രോറെയിലിനും മേൽപ്പാലത്തിനും ഫണ്ട് അനുവദിക്കുന്ന സർക്കാർ ദാഹജലം തേടിയുള്ള പൊതുജനത്തിന്റെ മുറവിളിക്ക് നേരെ മുഖം തിരിക്കുകയാണെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനകീയ ജലനയത്തിന് രൂപം നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുടിവെള്ള വിതരണത്തിന് സ്വകാര്യ കമ്പനികൾ</u>

*74 ശ്രീ. ബാബു എം. പാലിശ്ശേരി
,, കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയ കേരള വാട്ടർ സപ്ളൈ ആക്ട് നിലനിൽക്കെ സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന്റെ ഉത്തരവാദിത്തം സർക്കാർ ഉത്തരവുകൾ വഴി രൂപീകരിക്കുന്ന കമ്പനികളെ ഏല്പിക്കുന്നത് സഭയെയും ജനാധിപത്യത്തെയും അവഹേളിക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതി വിഭവമായ ജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിനാണെന്നും ഇത് സ്വന്തമാക്കാതെ എല്ലാവർക്കും അനുഭവിക്കാനുള്ള അവകാശം നൽകുന്ന മുൻസർക്കാരിന്റെ ജലനയം ഈ സർക്കാർ തളളിക്കളഞ്ഞിട്ടുണ്ടോ ?

(സി) കേരള വാട്ടർ സപ്ലൈ ആക്ട് നിലനിൽക്കെ അതിന് വിരുദ്ധമായി ഇറക്കിയ ഉത്തരവുകൾ പിൻവലിക്കാൻ തയ്യാറാവുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

‘പ്രീ– നേറ്റൽ’ കെയർ ലഭിക്കാതെ ആദിവാസി കുട്ടികൾ മരിച്ച സംഭവം

*75 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എം. ചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘പ്രീ–നേറ്റൽ’ കെയർ ലഭിക്കാതെ അട്ടപ്പാടിയിൽ ആദിവാസി കുട്ടികൾ മരിക്കാനിടയായത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ മേൽനോട്ടം വഹിക്കാൻ നിയമിതരായവർ ആരും ചാർജ്ജെടുക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ;

(സി) അട്ടപ്പാടി മേഖലയിൽ നിയമിതരാകുന്ന ഡോക്ടർമാർക്കും ആരോഗ്യവകുപ്പിലെ മറ്റു ജീവനക്കാർക്കും അധികശമ്പളം നൽകേണ്ടി വരുന്നതിന്റെ കാരണം അറിയിക്കാമോ; അവിടെ ജോലി ചെയ്യാൻ വിസമ്മതിച്ച ആർക്കെങ്കിലുമെതിരെ ഇതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഗ്രാമീണമേഖലയിലും ദുർഘടമേഖലയിലും ഡ്യൂട്ടിക്ക് തയ്യാറല്ലാത്ത ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ഇ) പുതുതായി അനുവദിച്ച തസ്തികകളിൽ നിയമനം നടത്തിയോ എന്നും നിലവിലുണ്ടായിരുന്ന തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ ഏതെല്ലാമെന്നും തസ്തിക തിരിച്ചു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജ്</u>

*76 ശ്രീ.ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

മരുന്നുകളുടെ ഗുണനിലവാര പരിശോധന

*77 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടക്കാതെവരുന്നതു കൊണ്ട് നിരോധിക്കപ്പെടേണ്ട മരുന്നുകൾ നിരവധി രോഗികൾ കഴിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിലെ പരിമിതമായ ലാബ് സൗകര്യത്തിൽ സാമ്പിൾ മരുന്നുകൾ പരിശോധിച്ച് ഫലം ലഭിക്കാൻ വർഷങ്ങളെടുക്കുന്ന സാഹചര്യത്തിൽ, ഇക്കാലയളവിനുള്ളിൽ കോടിക്കണക്കിന് രൂപയുടെ മരുന്നു വിറ്റഴിക്കപ്പെടുകയും, രോഗികൾ ഉപയോഗിക്കുകയും ചെയ്യുന്ന ഗുരുതര സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) മരുന്നുകളുടെ സാമ്പിൾ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കൊല്ലം കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ

*78 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത ജലപാത എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ</u>

*79 ശ്രീ. വി. ശിവൻകുട്ടി
,, ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഡെങ്കിപ്പനി വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡെങ്കിപ്പനി ബാധിച്ച് തലസ്ഥാനത്ത് ഇതുവരെ എത്രപേർ മരിച്ചുവെന്നറിയിക്കാമോ; ഈ വർഷം ആശുപത്രികളിൽ ചികിത്സക്കെത്തിയവരുടെ കണക്കുകൾ ലഭ്യമാണോ;

(ബി) സർക്കാർ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; അത് ഫലപ്രദമായതായി കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

പകർച്ചവ്യാധികളുടെ തിരിച്ചുവരവ്

*80 ശ്രീ. പി. റ്റി. എ. റഹീം
,, വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് കേരളം കൈവരിച്ചിരുന്ന നേട്ടങ്ങളെ തകർക്കുന്ന വിധം പകർച്ച വ്യാധികൾ തിരിച്ചുവന്നു കൊണ്ടിരിക്കുകയാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ആരോഗ്യവകുപ്പ് അധികൃതർ ഉൾപ്പെടെയുള്ളവരുടെ നിഷ്ക്രിയത്വമാണ് മലേറിയ, ചിക്കുൻഗുനിയ, എലിപ്പനി, മഞ്ഞപ്പിത്തം, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കാൻ കാരണമായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) രോഗവ്യാപനം തടയാനായി എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തൊഴിൽ നൈപുണ്യ വികസന പരിശീലന പദ്ധതി</u>

*81 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്താംതരം പാസ്സായ പട്ടികജാതിക്കാർക്ക് പ്രത്യേക തൊഴിൽ നൈപുണ്യ വികസന പരിശീലന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട കരാർ</u>

*82 ശ്രീ. എം. ഹംസ
,, റ്റി. വി. രാജേഷ്
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി സർക്കാർ ഒപ്പുവച്ച കരാറിലെ വ്യവസ്ഥകൾ അറിയിക്കാമോ;

(ബി) കേന്ദ്രസർക്കാർ അംഗീകാരത്തോടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ 2012 ഫെബ്രുവരിയിൽ വിജ്ഞാപനം ചെയ്ത റഗുലേഷൻ ഓൺ ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ പ്രകാരം മെഡിക്കൽ ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന മാനദണ്ഡം എന്തെന്ന് അറിയിക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ഫെഡറേഷനുമായി ഒപ്പിട്ട കരാർ മുഖാന്തിരം കേരള സമൂഹത്തിനുണ്ടായ നേട്ടം വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷത്തെ കരാറുമായി താരതമ്യപ്പെടുത്തിയാൽ ഈ വർഷത്തെ കരാറുകൊണ്ട് വിദ്യാർത്ഥികൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യകിരണം പദ്ധതി</u>

*83 ശ്രീ. കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിലൂടെ സൗജന്യ ചികിത്സ നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സ ലഭിക്കുന്നതെന്നും വിശദാംശങ്ങളെന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഒരു സമഗ്രപഠനം</u>

*84 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഒരു സമഗ്രപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) രോഗചികിത്സയ്ക്ക് ഊന്നൽ നൽകുക എന്നതിനപ്പുറമായി രോഗനിർമ്മാർജ്ജനത്തിനു ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പകർച്ചവ്യാധികളുടെ സൂചന കണ്ടു തുടങ്ങുമ്പോൾ തന്നെ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ എന്തൊക്കെ കർമ്മപരിപാടികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>ജനനി പാർപ്പിട പദ്ധതി</u>

*85 ശ്രീ.പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നഗരപ്രദേശങ്ങളിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍</u>

*86 ശ്രീ. റ്റി. യു. കുരുവിള
,, മോന്‍സ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍ വര്‍ഷാരംഭത്തില്‍തന്നെ നല്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാര്‍ത്ഥികള്‍ക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങള്‍ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികളെക്കുറിച്ചുള്ള പഠനം</u>

*87 ശ്രീ.മാത്യു. റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മാനസിക ആരോഗ്യനയം</u>

*88 ശ്രീ. എം.എ. വാഹീദ്
,, വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാനസിക ആരോഗ്യനയത്തിന് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ആരെല്ലാമാണ് ഇത് നടപ്പാക്കാന്‍ സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>സൗജന്യ ജനറിക്ക് മരുന്നുകൾ</u>

*89 ശ്രീ. ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക്ക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

റിവർ ബേസിൻ അതോറിറ്റി രൂപീകരണം

*90 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'റിവർ ബേസിൻ അതോറിറ്റി' രൂപീകരിക്കാനു ദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം ക്വാസി-ജുഡിഷ്യൽ അധികാരങ്ങളാണ് പ്രസ്തുത അതോറിറ്റിക്ക് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 3.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].